## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **08-12-2022 - ൽ മറുപടിയ്ക്ക്**

### ആലപ്പുഴ ജില്ലയിലെ എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് വിഷയത്തിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ എച്ച്. എസ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിൽ നിലവിലുള്ള പ്രൊമോഷൻ ഒഴിവുകളിൽ ഇതുവരെ (ഉത്തരവ് നമ്പർ 15/02/22 ലെ എ 2 / 19736/2014 – 7 എണ്ണം, 12/08/22 ലെ എ 2 / 601245/2022 - 6എണ്ണം, 14/11/22 ലെ എ 2 /601245/2022 – 5 എണ്ണം) ആരും ജോയിൻ ചെയ്യാത്തതിനാൽ പ്രസ്തുത പ്രൊമോഷൻ ഒഴിവുകളിൽ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും നിയമനം നൽകാൻ സാധിക്കുമോ; വ്യക്തമാക്കാമോ ; | (എ) | 14/11/2022 -ൽ എ2/601245/2022 എന്ന നമ്പരിലെ സ്ഥാനക്കയറ്റ ഉത്തരവിൽ 05 പേർക്ക് സ്ഥാനക്കയറ്റം നൽകിയതിൽ ഒരു അദ്ധ്യാപകൻ സ്ഥാനക്കയറ്റം സ്വീകരിച്ചിട്ടുണ്ട്. എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യരായ 75 പ്രൈമറി അദ്ധ്യാപകർ ഉൾപ്പെട്ട സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും 31-ാംമത്തെ പ്രൈമറി ടീച്ചർക്ക് വരെയാണ് സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത്. നിലവിലെ നിയമന അനുപാതം പ്രകാരം (കേഡർ സ്ട്രെങ്തിന്റെ 15%) പ്രൈമറി ടീച്ചർ പ്രൊമോഷൻ വിഭാഗത്തിൽ 08 അദ്ധ്യാപകരുടെ കുറവുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം സ്വീകരിക്കാത്ത 04 അദ്ധ്യാപകരെ ഒഴിവാക്കി സീനിയോരിറ്റി ലിസ്റ്റിൽ നിന്നും 32-ാം മത്തെ സ്ഥാനം മുതലുള്ള പ്രൈമറി ടീച്ചർമാർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ ടി 04 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയില്ല. |
| (ബി) | ഈ വർഷം സ്റ്റാഫ് ഫിക്സേഷൻ വഴി ആലപ്പുഴ ജില്ലയിൽ എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിന് എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇത് എപ്പോൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-23 ലെ തസ്തിക നിർണ്ണയം പൂർത്തിയായപ്പോൾ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ൽ 5 തസ്തിക നഷ്ടപ്പെട്ടതിനാൽ വിരമിക്കൽ മൂലം ഉണ്ടാകുന്ന 7 ഒഴിവുകളിൽ 2 ഒഴിവുകളും മുൻ വർഷ പ്രൊമോഷനു വേണ്ടി മാറ്റിവെയ്ക്കപ്പെട്ട ഒരൊഴിവും കൂടി ചേർത്ത് 3 ഒഴിവുകളിൽ പി.എസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്. |
| (സി) | എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിന് 2022-23 അധ്യയന വർഷം വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകൾ എത്ര ; ഈ ഒഴിവുകൾ എപ്പോൾ പി. എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വിശദമാക്കാമോ; | (സി) | 2022-23 ലെ തസ്തിക നിർണ്ണയം പൂർത്തിയായപ്പോൾ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ൽ 5 തസ്തിക നഷ്ടപ്പെട്ടതിനാൽ വിരമിക്കൽ മൂലം ഉണ്ടാകുന്ന 7 ഒഴിവുകളിൽ 2 ഒഴിവുകളും മുൻ വർഷ പ്രൊമോഷനു വേണ്ടി |

| | | | |
|---|---|---|---|
| | | | മാറ്റിവെയ്ക്കപ്പെട്ട ഒരൊഴിവും കൂടി ചേർത്ത് 3 ഒഴിവുകളിൽ പി.എസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) | സ്റ്റാഫ് ഫിക്സേഷൻ , വിരമിക്കൽ എന്നിവ വഴി ആലപ്പുഴ ജില്ലയിൽ ഫിസിക്കൽ സയൻസ് വിഷയത്തിന് ഒഴിവുകൾ ഉണ്ടാകുന്ന സ്കൂളുകളുടെ പേരും ഒഴിവുകളുടെ എണ്ണവും നൽകാമോ; | (ഡി) | 2022-23 ലെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായപ്പോൾ ടി ജില്ലയിൽ 6 സ്കൂളുകളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.<br><br>വിരമിക്കൽ മൂലമുണ്ടായ രണ്ട് ഒഴിവിൽ പി.എസ്.സി വഴി നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) | മാവേലിക്കര ഗവ. ടി.ടി.ഐ. യിൽ നില നിൽക്കുന്ന രണ്ട്ഒഴിവുകൾ എച്ച്.എസ്സ്. എ. ഫിസിക്കൽ സയൻസ് റാങ്ക് പട്ടികയിൽ നിന്നും നിയമിക്കാൻ സാധിക്കുമോ;വ്യക്തമാക്കാമോ? | (ഇ) | മാവേലിക്കര ഗവ:ടി.ടി.ഐ യിൽ നിലവിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയുടെ ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഒഴിവ് വരുന്ന സ്കൂളുകൾ | ഒഴിവ് വരുന്നത് |
|---|---|---|
| 1 | ഗവ.ഹൈസ്കൂൾ, കലവൂർ | അധിക തസ്തിക അനുവദിക്കപ്പെട്ടാൽ |
| 2 | എസ്.സി.യു.ജി.വി.എച്ച്.എസ് പട്ടണക്കാട് | അധിക തസ്തിക അനുവദിക്കപ്പെട്ടാൽ |
| 3 | ഗവ.ഹൈസ്കൂൾ, മണ്ണഞ്ചേരി | അധിക തസ്തിക അനുവദിക്കപ്പെട്ടാൽ |
| 4 | ഗവ.ഹൈസ്കൂൾ, ചേർത്തല സൗത്ത് | അധിക തസ്തിക അനുവദിക്കപ്പെട്ടാൽ |
| 5 | ഗവ.ഹൈസ്കൂൾ, പറവൂർ | അധിക തസ്തിക അനുവദിക്കപ്പെട്ടാൽ |
| 6 | ഗവ.ഹൈസ്കൂൾ, വീയപുരം | അധിക തസ്തിക അനുവദിക്കപ്പെട്ടാൽ |

**സെക്ഷൻ ഓഫീസർ**